(സി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം നിയമലംഘനങ്ങൾ നടന്നതായിട്ടാണ് സൂചന ; ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) കുറിഞ്ഞിമല സാങ്ച്വറിയിലെയും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമി കയ്യേറ്റങ്ങളും, അനധികൃത പ്രവർത്തനങ്ങളും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. നിവേദിത പി. ഹരന്റെ നേതൃത്വത്തിൽ 3-5-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 177/2014/റവ. പ്രകാരം അന്വേഷണ സംഘം രൂപവത്ക്കരിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

കടവന്ത്രഭത്തി റയിൽവേ ബി ക്ലാസ് ഭൂമി

217 (1274) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടവന്ത്രഭത്തി വില്ലേജിൽ റയിൽവേ ബി ക്ലാസ് ഭൂമിയിലെ താമസക്കാർ ഭൂമിയുടെ കൈവശാവകാശം ലഭിക്കണമെന്നാവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 19-ഓളം കുടുംബങ്ങൾ നിലവിൽ ടി സ്ഥലത്ത് താമസിച്ചുവരുന്നു. കൈവശത്തിന് അപേക്ഷിച്ചിട്ടില്ല.

(ബി&സി) ഇല്ല.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

218 (1275) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിയിൽ ഇതിനോടകം എത്ര പേർക്ക് എത്ര സെന്റ് ഭൂമി വീതം വിതരണം ചെയ്തു എന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ ചുമതലയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015 അവസാനത്തോടുകൂടി പദ്ധതി പ്രകാരമുള്ള സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും 3 സെന്റ് ഭൂമി വീതം വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് പതിച്ചുനൽകാനാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനുയോജ്യമായ സർക്കാർ ഭൂമികൾ കണ്ടെത്തി ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങളിലായി പട്ടയം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിസ്റ്റിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ കണ്ടെത്തി പ്ലോട്ട് തിരിച്ചിരുന്ന ഭൂമികൾ മുഴുവനും കോടതി കേസുകൾ മൂലമെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ മൂലമെന്നും ഒന്നാം ഘട്ടത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ ലിസ്റ്റിൽ അവശേഷിക്കുന്ന പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനാണ് ഊർജ്ജിതമായി ശ്രമിച്ചുവരുന്നത്.

(ബി) ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം വിതരണം ചെയ്തു. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) റവന്യൂ വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അപേക്ഷകരുടെ അർഹത കണ്ടെത്തുന്നതും പതിവ് നടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട തഹസിൽദാർ മാരുടെയും ജില്ലാ കളക്ടർമാരുടെയും മാത്രം ഉത്തരവാദിത്വമാണ്. അപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള ചുമതലകൾ റവന്യൂ വകുപ്പിൽ നിയമപ്രകാരം നിക്ഷിപ്തമാവുകയും ചെയ്തിരിക്കുന്നു.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

219 (1276) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകുന്നതിന് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly